ശബ്ദമില്ലാത്ത ജനവിഭാഗങ്ങളുടെ ശബ്ദം
ദിനകൈരളി
DAILY KAIRALI
ജൂലൈ 15ന് പ്രസിദ്ധീകരണം ആരംഭിച്ചു.
എല്ലായിടത്തും പ്രാദേശിക ലേഖകരെ ആവശ്യമുണ്ട്. ബയോഡേറ്റ സഹിതം അപേക്ഷിക്കുക. എഡിറ്റർ, ദിനകൈരളി, ചിൻമയ ലെയിൻ, കുന്നുംപുറം, തിരുവനന്തപുരം – 695 001

സുഷുപ്തി
കുടുംബമാസിക
2016 ഒക്ടോബർ
E-mail : nadarwelfare@gmail.com
Website : www.ayyavaikundar.org

നാടാർ സമുദായത്തിന്റെ മുഖപത്രം | നാടാർ കുടുംബക്ഷേമസമിതി അംഗങ്ങൾക്കുള്ള പഠനസഹായി

# 'ലാബ്ഗ്ലോ' ഡപ്യൂട്ടിസ്പീക്കർ ഉത്ഘാടനം ചെയ്തു

ടെക്നോപാർക്ക് ഫെയിസ് മൂന്ന് യമുനയിൽ പുതുതായി ആരംഭിച്ച ലാബ്ഗ്ലോ കമ്പനിയുടെ പ്രവർത്തനോദ്ഘാടനം കേരള നിയമസഭ ഡപ്യൂട്ടി സ്പീക്കർ വി. ശശി നിർവഹിച്ചു. തുടർന്ന് നടന്ന യോഗത്തിൽ നാടാർ കുടുംബക്ഷേമ സമിതി ചെയർമാൻ എ.എസ്. അഹിമോഹനൻ അദ്ധ്യക്ഷത വഹിച്ചു.

സോഫ്റ്റ്‌വെയർ വികസനം, മൊബൈൽ ആപ്പുകൾ, ഇ-കൊമേഴ്സ് വെബ്സൈറ്റ്, ഹോസ്പിറ്റൽ ഇൻഫർമേഷൻ സിസ്റ്റം തുടങ്ങിയ മേഖലകളിലാണ് കമ്പനി ശ്രദ്ധവയ്ക്കുന്നത്. കമ്പ്യൂട്ടർ സാങ്കേതിക വിദ്യയിൽ നൂതനമേഖലകൾ തുറക്കാൻ പ്രാപ്തിയുള്ള ഒരു കൂട്ടം ജീവനക്കാരാണ് ലാബ്ഗ്ലോയുടെ പിന്നണി ശക്തി.

ജയപാൽ ധർമ്മമണിയാണ് ഈ സ്ഥാപനത്തിന്റെ സി.ഇ.ഒ. ●



# ഇന്ദിര ബാലചന്ദ്രന്റെ പുസ്തകം പ്രകാശനം ചെയ്തു

'ഗായത്രി മന്ത്രം സർവ്വവേദസാരം' എന്ന മലയാളഗ്രന്ഥവും അതിന്റെ ഹിന്ദിപരിഭാഷയും ഡൽഹി കേരളഹൗസിൽ നടന്ന ചടങ്ങിൽ മുൻകേന്ദ്രമന്ത്രിയും പ്രശസ്ത മതപണ്ഡിതനുമായ ഡോ. കരൺസിംഗ് പ്രകാശനം ചെയ്തു. ഇതോടനുബന്ധിച്ച് നടന്ന ചടങ്ങിൽ ജ്ഞാനപീഠജേതാവും സംസ്കൃതസാഹിത്യകാരനുമായ പ്രൊഫ. സത്യവ്രതശാസ്ത്രി മുഖ്യപ്രഭാഷണം നടത്തി.

ഇദംപ്രഥമമായാണ് ഒരു വനിത ഗായത്രിമന്ത്രത്തിന് പഠനവും വ്യാഖ്യാനവും രചിക്കുന്നത്. അധഃസ്ഥിതർക്കും സ്ത്രീകൾക്കും ഗായത്രി മന്ത്രം ജപിക്കാൻ അവകാശമുണ്ടോ എന്ന വിവാദത്തിനിടയിലാണ് ഇന്ദിരാ ബാലചന്ദ്രന്റെ ഈ പുസ്തകം പ്രസിദ്ധീകൃതമാവുന്നത്. ●



# നാടാർ കുലത്തിൽ ഒരു ബാബുജികൂടി



നാടാർകുലത്തിൽ ഉൾപ്പെട്ട വിവിധ ജനവിഭാഗങ്ങളെ ഒന്നിപ്പിച്ച് കൽച്ചൂരി മഹാസഭയ്ക്ക് നേതൃത്വം നൽകുന്ന നാഗ്പൂരിലെ ബസന്ത് ലാൽ ഷാ എന്ന ബാബുജി സുഷുപ്തി വായനക്കാർക്ക് സുപരിചിതനാണ്. എന്നാൽ കർണ്ണാടക സംസ്ഥാനത്തെ ബല്ലാരി ജില്ലയിൽ രംഗൻഗൗഡ് എന്നൊരു നാടാർകുല ശ്രേഷ്ടൻ നമുക്ക് നേതൃത്വം നൽകുന്നു.

ഏതൊരു നല്ലകാര്യം തുടങ്ങാനും സമുദായംഗങ്ങൾ അദ്ദേഹത്തെ വന്നുകണ്ട് കാൽതൊട്ട് വന്ദിച്ച് അനുഗ്രഹം നേടാറുണ്ട്. സമുദായചരിത്രത്തിൽ നല്ല അവബോധമുള്ള അദ്ദേഹം ഖനനരംഗത്ത് പ്രവർത്തിക്കുന്നു. എല്ലാ തിരക്കുകൾക്കിടയിലും പാവങ്ങളുടെ സങ്കടങ്ങൾ കേൾക്കാനും അവയ്ക്ക് തന്നാലാവുന്ന പരിഹാരം കാണാനും അതീവതത്പരനാണ്.

ആന്ധ്രാപ്രദേശിലെ ഹിരേഹൽ എന്ന സ്ഥലത്തുനിന്നും ബല്ലാരിയിലെത്തി കൃഷിയിലും വ്യവസായത്തിലും കഠിനാധ്വാനം ചെയ്തവരുടെ ആറാംതലമുറക്കാരനാണ് ഇദ്ദേഹം. നാടാർ കുടുംബക്ഷേമസമിതി ചെയർമാൻ എ.എസ്.അഹിമോഹനൻ ബല്ലാരിയിലെത്തി അദ്ദേഹത്തെ സന്ദർശിച്ചു. അദ്ദേഹത്തിന്റെ നിർദേശപ്രകാരം വിജയനഗര സാമ്രാജ്യത്തിന്റെ കൊട്ടാരവശിഷ്ടങ്ങളും ഹംപിക്ഷേത്രവും അഹിമോഹനൻ സന്ദർശിച്ചു. ●

# The Month That Was.....

**Cauvery Water:** The issue is causing the breakdown of our constitutional provision. The long ongoing silent contest and protest between the states of Karnataka and Tamil Nadu broke out as an outcome of the Supreme Court verdict asking Karnataka government to give 15000 Cusecs of water to Tamil Nadu. In the Mandya region where the dam is situated organized protests and damage to public properties were done and it spread to other regions like Bengaluru. Lots of vehicles belonging to Tamil Nadu companies were burnt and the Tamil employees were attacked and humiliated. Minor retaliation also took place in some parts of Tamil Nadu. The Karnataka government held emergency meetings of all parties and decided against the verdict and refused to let the water as stipulated by the Supreme Court. The case went for appeal and the Supreme Court reduced the amount of water to 6000 Cusecs. The same was also not acceptable to the Karnataka based on the argument that there is not enough water for even for drinking purposes. Union Water Resources Minister Uma Bharti called for a meeting of the concerned on September 29th and the high level meeting ended without any outcome.

**US Presidential Election:** Republican Donald Trump and the Democratic Party candidate Mrs. Hilary Clinton shared the same stage.



In another development, Hilary's ex- rival Sanders other own Party joined her and appealed for youth votes. He praised Ms. Clinton's project to eliminate tuition fees at public universities for families making less than $ 125000 as well as expanding loan forgiveness programmes and interest payment breaks. The New York Times endorsed Democrat Hilary Clinton for the White House, saying she was more qualified than the Republican rival Donald Trump to handle the challenges facing the United States.



**INDO - PAK: Uriattack's Impact:** India carried out surgical strikes, targeting terrorist "launch pads" along the Line of Control (LoC) in Kashmir on September 29th early morning. The strikes were carried out 10 days after Pakistani terrorists killed 19 of our soldiers in an attack on an Army installation in Uri. The counter operations were basically focused to ensure that these terrorists do not succeed in their design of infiltration and carrying out destruction and endangering the lives of citizens of our country. The strikes were spread over 200 km and carried out on eight terror launch pads by Para Special Forces and 'Ghatak' platoons. The attack however did not involve any aerial strikes. During these counter-terrorist operations, significant casualties have been caused to the terrorists and those who were trying to support them. As per the military sources, the Indian Armed Forces are fully prepared to deal with any contingency. Pakistan Prime Minister Nawaz Sharif described India's action as 'unprovoked and naked aggression' and added "our intent for peaceful neighbourhood should not be mistaken as our weakness." China said that it is in touch with India and Pakistan and that it is actively involved in defusing tensions between the two. Pakistan has cancelled a 'Trade Exhibition in India' which was planned to be conducted in October amid tension between the two neighbours following the Uri Attack. All India Congress Committee General Secretary Digvijaya Singh called for an "Aggressive Campaign" in international arena to isolate Pakistan globally on terrorism. The United





Er. Jayakumar Thomas

States wanted Pakistan to control the activities of the terrorists in their soil and said that they will not ask India to stop such counter operations.The battered Pakistan Prime Minister Nawaz Sharif said in London that the Uri attack can be the reaction to atrocities in Kashmir as relatives of those killed and blinded were outraged.On the attack, Indian Prime Minister Narendra Modi invoked the people of Pakistan in a direct dialogue urging them to fight common socio – economic ills that afflict both neighbours while warning that country's leadership that any threat to India's security will be strongly met. He also accused Nawaz of reading from a script prepared by the terrorists at the UN General Assembly. He also reminded Pakistan of its own internal strife within their territory. SAARC meeting planned to be held in Pakistan is likely to be cancelled as Nepal, Bhutan, Bangladesh, Sri Lanka and India are not for it because of the unceasing terrorist activities.



**Fighter Jets:** On September 23rd, India and France concluded an Inter-Governmental Agreement for the purchase of 36 Rafale Fighter jets at a cost of Rs. 60,000/- Crores, the first fighter aircraft deal since the purchase of Sukhois from Russia in the late 1990s. Rafale is produced by M/s Dassault Aviation and a potential aircraft and will add to the capability of Indian Air Force (IAF). It is a twin- engine fighter, multi role combat aircraft. It can be deployed for air defense, interception, ground support, in-depth strike, reconnaissance, anti –ship strikes and nuclear deterrence. The deal includes the aircraft in fly away condition, weapons, simulators, spares, maintenance and performance based logistics support for 5 years. Dassault Aviation will begin aircraft deliveries after 36 months and complete in 67 months.





**Railway Budget:** The Centre Government has decided to do away with the separate Railway budget from next financial year. The present practice of separate budget for Railways is inexistence for 92 years since British rule.This is seen as bringing down the legacy of British rule and is convenient for us. From next year it will start before January 25th. Now the same has been done on the last day of February. Bihar Chief Minister and former Railway minister Nitish Kumar criticized the move. Former Railway minister Dinesh Trivedi said the merger of the budgets could be the first step towards privatization of the Railway. The idea is to pass the whole budget before March 31st and a Vote on Account will be avoided. Now passing of the budget goes even up to the middle of May. It will result in integrated financial planning as the whole budget of the country is to be passed after discussions as a totality. Railway Minister Suresh Prabhu said that Merger is the biggest reform of Rail Sector.

**INS Virat:** The 56 year old Aircraft Carrier has undergone its last refit in Cochin Port Trust before being decommissioned from the Navy. The ship served the Indian Navy for nearly 3 decades before that it served the British Royal Navy as HMS Hermes. On decommissioning, weapon systems and operational equipment will be taken out. Already the propulsion system and the rudders were removed at Cochin itself. It is being taken to Mumbai. ●



# നാടാർ സമുദായം – ഒരു ലഘുവിവരണം

**കാഞ്ഞിരംകുളം കൊച്ചുകൃഷ്ണൻ നാടാർ എഴുതിയ നാടാർ ചരിത്രം എന്ന പുസ്തകത്തിൽനിന്ന്**

*കഴിഞ്ഞലക്കത്തിന്റെ തുടർച്ച......*

നാടാർസമുദായത്തിന്റെ കായികാഭ്യാസം സംബന്ധിച്ചു പല യൂറോപ്യന്മാരും അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട്. അവയിൽ ചിലവ ചുവടെ ചേർക്കുന്നു:-

മദ്രാസ് ഗവൺമെന്റിന്റെ നിർദ്ദേശാനുസരണം തിരുനെൽവേലിയിലെ നാടാർസമുദായത്തിന്റെ ദേഹപരിശോധന നടത്തിയ ശ്രീ. ഡാക്ടർ തർസ്റ്റൻ ദ്വാരയുടെ (Castes and Tribes of Southern India) എന്ന പ്രസിദ്ധീകരണത്തിൽ "താൻ തിരുനെൽവേലിയിൽ പോയി നാടാർസമുദായംഗങ്ങളുടെ ദേഹപരിശോധന നടത്തിയതിൽ, അവരുടെ ദേഹലക്ഷണത്തിന്റെ മേന്മയും കായികപരിശീലനം സംബന്ധമായ അഭ്യാസങ്ങളും തന്റെ മനസ്സിനെ ഹഠാദാകർഷിച്ചുവെന്നും, ആജാനുബാഹുത്വം അതായത് മുഴങ്കാൽവരെ കൈനീണ്ടിരിക്കുന്നത് രാജകുലത്തിലുള്ളവരാണെന്നു തെളിയിക്കുന്ന വിശേഷ അടയാളമായി ലോകം മുഴുവൻ അംഗീകരിച്ചിട്ടുള്ളതാണെന്നും, പ്രാചീനകാലത്ത് ശ്രീരാമനും റോബ്റായിക്കും ആജാനുബാഹുത്വം ഉണ്ടായിരുന്നുവെന്നും, അപ്രകാരം തന്നെ മുൻപ് മദ്രാസ് ഗവർണ്ണറായിരുന്ന സർ തോമസ് മൺട്രോ പ്രഭുവിനും കൈകൾ മുഴങ്കാൽ വരെ നീണ്ടിരുന്നുവെന്നും, ദക്ഷിണ ഇൻഡ്യയിലെ അനേകജാതികളുടെ ദേഹാവസ്ഥയെ പരിശോധിച്ചതിൽ ഈ വിശേഷരാജത്വലക്ഷണം ഒരു നാടാരിൽമാത്രം താൻ കണ്ടുപിടിച്ചിരിക്കുന്നുവെന്നും വളരെ വിസ്തരിച്ച് എഴുതിയിരിക്കുന്നു."

"With the physique of the Chandrans, whom I examined at Nazareth and Sawyerpuram in Tinnevelly, and their skill in physical excercises I was very much impressed. - One of the good qualities of Sir Thomas Munro, formerly Governer of Madras, was that, like Rama and Rob Roy, his arms reached to his knees, or in other words, he possessed the kingly quality of an Ajanubahu, which is the heritage of kings, or those who have blue blood in them. This particular anatomical character I have met with myself only once, in a Chandran, whose height was 173 cm. and span of the arms 194 cm. (+21 cm.)"

ഇതുപോലെതന്നെ 806-ൽ തിരുനെൽവേലിയിൽ ജോലി നോക്കി വന്ന Rev. W.T. Ringeltaube ദ്വാര; "ചാന്ദ്രാർ (ചാന്റോർ) ഇൻഡ്യയിലുള്ള ഇതരജാതിക്കാരെക്കാൾ ആരോഗ്യമുള്ള ഒരു വർഗ്ഗക്കാരാണ്. അവരുടെ മുഖലക്ഷണം മുഴുവൻ യൂറോപ്യന്മാരെപ്പോലെ ഇരിക്കുന്നു. അവരിൽ അഞ്ചു ശാഖക്കാരുണ്ട്." "The Chantrars are a set of people more robust than other Indians; - their features completely European. - They devide themselves into five families." എന്ന് എഴുതിയിരിക്കുന്നു.

"നാടാർ ജാതിക്കാർ ഇൻഡ്യയിലുള്ള ഇതരവർഗ്ഗക്കാരെക്കാൾ ആത്മാഭിമാനമുള്ള ധീരവീരപരാക്രമികളാണെന്നുള്ളത് പല യുദ്ധങ്ങളിലും ഇവർക്ക് ലഭിച്ചിട്ടുള്ള വിജയങ്ങൾ സാക്ഷ്യം വഹിക്കുന്നു."



**2. മർമ്മവിദ്യ**

പ്രശസ്തി പെറ്റിട്ടുള്ള അനവധി മർമ്മശാസ്ത്രഗ്രന്ഥങ്ങൾ ഇന്നും നാടാർസമുദായത്തിന്റെ ഒരു പ്രത്യേക സ്വത്തായി നിലവിലിരിക്കുന്നു. ഈ ഗ്രന്ഥങ്ങളിൽ പലതും താളിയോലകളിൽ പകർത്തി സൂക്ഷിച്ചിട്ടുള്ളതല്ലാതെ ഇതുവരെ അച്ചടിയിൽ വന്നിട്ടില്ലായെന്നുള്ളത് ഇതിന്റെ ഒരു പ്രത്യേകതയാണ്. കണ്ണാടി, തുറകോൽ, മുറിവുചാരി, മർമ്മകണ്ടി, ഗുണ്ടുമണി, പ്രാണാടക്കം, ഞരമ്പറ, ശരസൂത്രം, നിദാനം മുതലായവ ഏറ്റവും പ്രധാനമായ മർമ്മശാസ്ത്രഗ്രന്ഥങ്ങളാണ്. കുടുംബാധിപന്റെ അന്ത്യകാലത്ത് ഏറ്റവും വിശ്വാസമുള്ള മക്കൾക്കോ ശിഷ്യന്മാർക്കോ ഇതിന്റെ രഹസ്യഭാഗം പറഞ്ഞുകൊടുക്കുന്നതൊഴികെ ഇതരർക്ക് വെളിപ്പെടുത്തിക്കൊടുക്കുന്നില്ല. ഇതു സംബന്ധിച്ച്,

"ശിഷ്യനെൻറു പന്നിരണ്ട് വരിഷം കാത്താൽ
മതിയാന പുത്തിയവനിരുന്തിതാനാൽ
അപ്പനേ കരുത്തുടനെ നൂൽതാൻ ഈയ്യേ
ഈയ്‌വതു താനാരുക്കപ്പാ ശിവയോകിക്കേ
ചാവതുപോൽ പാഴ്നരികിൽ വീഴ്‌വായ് ചൊന്നേൻ."

എന്നും

മുൻപിന്നും കത്തരിക്കോൽമാറലാക
ചാന്റോർകൾ കൈമുറയായ് ചെയ്യവേണം." എന്നും, പറഞ്ഞിരിക്കുന്നു. ആയതിനാൽ സാമാന്യജനങ്ങൾക്ക് മർമ്മശാസ്ത്രത്തിന്റെ ശരിയായ രൂപം ലഭിക്കുന്നത് വളരെ പ്രയാസമായിട്ടുള്ളതാണ്.

വൈദ്യവിദ്യയിലും ഈ സമുദായക്കാർ ഒട്ടും പിന്നണിയിലല്ല. ചിന്താർമണി ചികിത്സയാണ് ഏറിയഭാഗവും കരസ്ഥമാക്കിയിട്ടുള്ളത്. മുൻപറഞ്ഞതുപോലെ അനവധി ഓലഗ്രന്ഥങ്ങൾ അച്ചടിയിൽ വരാതെ ഇന്നും വൈദ്യശാസ്ത്രം സംബന്ധിച്ച് അവശേഷിക്കുന്നു. ഈ സമുദായത്തിലെ ബഹുശതമാളുകളും വൈദ്യവൃത്തികൊണ്ടു കഴിഞ്ഞുകൂടുന്നു. മാത്രമല്ല, ദക്ഷിണതിരുവിതാംകൂറിലെ പ്രൈവറ്റ് ആശുപത്രികളിൽ ഏറിയഭാഗവും നാടാർസമുദായക്കാരാണ് നടത്തിവരുന്നത്. ഗവൺമെന്റ് മെഡിക്കൽവകുപ്പിലും പലരും പ്രശസ്തമാം വിധം ഉദ്യോഗം വഹിച്ചുവരുന്നു. ●

*(തുടരും...)*

**സുഷുപ്തി മാസിക ഇപ്പോൾ ഓൺലൈനായി വായിക്കാം. www.ayyavaikundar.org എന്ന വെബ്സൈറ്റിന്റെ ഹോം പേജിൽ 'സുഷുപ്തി' ക്ലിക് ചെയ്ത് ലോകത്തെവിടെയിരുന്നും സുഷുപ്തിമാസിക വായിക്കാവുന്നതാണ്.**

ജവഹർലാൽ നെഹ്റുവിന്റെ 'ഇന്ത്യയെ കണ്ടെത്തൽ' എന്ന പുസ്തകത്തിൽ നിന്നും

# ഏറ്റവും ആദ്യകാലത്തെ രേഖകൾ : വേദവും പുരാണങ്ങളും

വിവർത്തനം : സി.എച്ച്. കുഞ്ഞപ്പ

**ആ**ര്യപദത്തിന്നു വംശീയമായ പ്രാധാന്യം ഇല്ലാതായി, അതിന്റെ അർത്ഥം ശ്രേഷ്ഠം എന്നതായിത്തീർന്നു. അപ്പോലെ തന്നെ അനാര്യപദത്തിന്നു നീചമെന്നും അർത്ഥം വന്നു. അലഞ്ഞുനടക്കുന്ന ഗോത്രക്കാർക്കും വനവാസികൾക്കും മറ്റുമാണ് ആ പദം സാധാരണ ഉപയോഗിച്ചുപോന്നത്.

ഇന്ത്യക്കാരന്റെ മനസ്സ് അത്യന്തം വ്യവച്ഛേദനാത്മകമായിരുന്നു. ആശയങ്ങളും സങ്കല്പങ്ങളും, ജീവിതപ്രവർത്തനങ്ങൾപോലും വെവ്വേറെ അറകളിൽ നിക്ഷേപിക്കാൻ അതിന്നൊരു വാസനയുണ്ട്. ആര്യന്മാർ സമുദായത്തെ നാലു ഭാഗങ്ങളായി തിരിക്കുക മാത്രമല്ല ചെയ്തുള്ളു; അവർ വ്യക്തിജീവിതത്തെയും നാലാംശമായി ഭാഗിച്ചു; ആദ്യാംശം വളർച്ചയുടെയും കൗമാരത്തിന്റെയും കാലമാണ്, ജീവിതത്തിൽ ജ്ഞാനാർജ്ജനത്തിന്നും ശമം ദമം ബ്രഹ്മചര്യം എന്നിവ വളർത്തുന്നതിനുമുള്ള ബ്രഹ്മചര്യകാലം; രണ്ടാമത്തേത് ലൗകികനും ഗൃഹസ്ഥനുമായിക്കഴിയാനുള്ള കാലം; മൂന്നാമത്തേത്, ഒട്ടേറെ സമനിലയും അസംഗത്വവും സാധിച്ചിട്ടുള്ള, പൊതുപ്രവർത്തനം കൊണ്ട് ലാഭമുണ്ടാക്കാനുള്ള സ്വാർത്ഥപരമായ ആഗ്രഹമില്ലാതെ അതിന്നുവേണ്ടി സ്വയം സമർപ്പിക്കാൻ കഴിയുന്ന ജ്ഞാനവൃദ്ധന്റെ കാലം; ഒടുവിലത്തേതാകട്ടെ പ്രായേണ ലോകകർമങ്ങളിൽ വിരക്തനായിക്കഴിയുന്ന സംന്യാസിയുടെ കാലം. മനുഷ്യനിൽ പലപ്പോഴും പരസ്പരവിരുദ്ധങ്ങളായ രണ്ടു വാസനകൾ - ജീവിതത്തെ സമ്പൂർണമായി അംഗീകരിക്കലും അതിന്റെ നിരാസവും - തൊട്ടുതൊട്ടു നിൽക്കാറുണ്ടല്ലോ. അവയെ ഇങ്ങനെയാണവർ ഇണക്കിനിർത്തിയത്.

ചീനയിലെപ്പോലെ ഇന്ത്യയിലും പഠിപ്പും പാണ്ഡിത്യവും പൊതുജനദൃഷ്ടിയിൽ എന്നും മികച്ചുനിന്നിട്ടുണ്ട്; കാരണം പാണ്ഡിത്യത്തിൽ, മികച്ച അറിവും സദ്ഗുണവും അന്തർഭവിക്കുന്നു എന്നായിരുന്നു വിശ്വാസം. പണ്ഡിതന്റെ മുമ്പിൽ ഭരണാധികാരിയും യോദ്ധാവും എന്നും തലകുനിച്ചു. അധികാരപ്രയോഗവുമായി ഇടപെടേണ്ടുന്നവർക്കു തികച്ചും വൈഷയികമായ ഒരു നില സാധ്യമല്ലെന്നായിരുന്നു പ്രാചീനേന്ത്യൻ സിദ്ധാന്തം. അവയുടെ സ്വന്തം താത്പര്യങ്ങളും ചായ്‌വുകളും അവരുടെ പൊതുക്കാര്യധർമ്മങ്ങളുമായി ഇടയും. തന്നിമിത്തം മൂല്യനിർണയവും നീതിനിഷ്ഠ പുലർത്തിപ്പോരലും, ഒരു കൂട്ടം ചിന്തകന്മാരുടെ അഥവാ ഒരു ചിന്തകകക്ഷ്യയുടെ കർത്തവ്യമാക്കി മാറ്റിനിർത്തി. ഈ ചിന്തകന്മാരെ ഭൗതികമായ ഉത്കണ്ഠകളിൽനിന്നൊഴിവാക്കി; കഴിവുള്ളേടത്തോളം അവർക്കു ചുമതലകളൊന്നുമില്ലാതാക്കി; അങ്ങനെയാവുമ്പോൾ അവർക്കു ജീവിതപ്രശ്നങ്ങളെ നിസ്സംഗമായി സമീക്ഷിക്കുവാൻ സാധിക്കുമല്ലോ. ചിന്തകന്മാരുടെ അഥവാ ദാർശനികന്മാരുടെ ഈ കക്ഷ്യ സമുദായഘടനയുടെ മുകളിലാണെന്നു കരുതപ്പെട്ടു. അവരെ എല്ലാവരും ബഹുമാനിച്ചാദരിച്ചു. കർമ്മവീരന്മാരുടെ-ഭരണാധികാരികളുടെയും യോദ്ധാക്കളുടെയും-സ്ഥാനം അതിന്റെ താഴെയാണ്. ഇവർ എത്ര തന്നെ സുശക്തമായിരുന്നാലും ആദ്യകക്ഷിയെപ്പോലെ അത്ര ആദരത്തെ ആർജ്ജിച്ചില്ല. യോദ്ധൃകക്ഷ്യ മുകളിലത്തേതല്ലെങ്കിലും, അതിന്റെ സ്ഥാനം ഉന്നതമായിരുന്നു; ചീനയിലെപ്പോലെയല്ല. അവിടെ ആ കക്ഷ്യയെ അവജ്ഞയോടുകൂടിയാണല്ലോ പരിഗണിച്ചുപോന്നത്.



ഇതായിരുന്നു സിദ്ധാന്തം, കുറച്ചൊക്കെ ഇത് അന്യത്രയും കാണാവുന്നതാണ്. ഉദാഹരണത്തിന് മധ്യകാലയൂറോപ്പിലെ ക്രിസ്തീയ ലോകമെടുക്കാം. അന്നു റോമൻപള്ളിയാണ് എല്ലാതരം ആത്മീയവും നൈതികവും സദാചാരപരവുമായ കാര്യങ്ങളിൽ, രാഷ്ട്രത്തിന്റെ നടത്തിപ്പിനടിസ്ഥാനമായ പൊതുതത്ത്വങ്ങളിൽപ്പോലും, നേതൃത്വത്തിന്റെ ചുമതലകൾ കയ്യേറ്റത്. കാര്യം കൊണ്ടു, റോമിനു ഭൗതികാധികാരത്തിൽ അത്യന്തദൃഢമായ താത്പര്യം ജനിച്ചു; പള്ളിയിലെ നാടുവാഴികൾ, സ്വസ്ഥാനമാഹാത്മ്യത്താൽ, ഭരണാധികാരികളായും തീർന്നു. ഇന്ത്യയിലാകട്ടെ ബ്രാഹ്മണ കക്ഷ്യ ചിന്തകരേയും ദാർശനികരേയും പ്രദാനം ചെയ്തതിന്നു പുറമെ, പ്രബലവും സ്വസ്ഥാനം ഉറപ്പിച്ചുനിർത്തിയതും സ്വന്തം നിക്ഷിപ്തതാത്പര്യങ്ങൾ പുലർത്തിപ്പോരുന്നതിൽ ജാഗരൂകവുമായ ഒരു പുരോഹിതസംഘവുമായി ഭവിച്ചു. എന്നിരുന്നാലും, മേല്പറഞ്ഞ സിദ്ധാന്തം ഇന്ത്യൻ ജീവിതത്തിൽ അടിയിലോളം സ്വാധീനത ചെലുത്തീട്ടുണ്ട്. പാണ്ഡിത്യവും കാരുണ്യവും നിറഞ്ഞ, സാരാംശം കൊണ്ടു നന്മയോടുകൂടിയ, ആത്മസംയമം ശീലിച്ച അന്യർക്കുവേണ്ടി ആത്മാർപ്പണം ചെയ്യാൻ കരുത്തുള്ള ഒരു മനുഷ്യൻ - അതാണ് അന്നുതൊട്ടിന്നോളവും ആദർശഭൂതനായ പുരുഷൻ. വിശേഷാധികാരത്തോടുകൂടിയ സുരക്ഷിതമായ ഒരു കക്ഷ്യയുടെ എല്ലാ ദോഷങ്ങളും അതീത കാലങ്ങളിൽ ബ്രാഹ്മണകക്ഷ്യ പ്രദർശിപ്പിച്ചിട്ടുണ്ട്. അവരിൽ വളരെയാളുകൾക്ക് പാണ്ഡിത്യമാകട്ടെ സദ്ഗുണമാകട്ടെ ഉണ്ടായിരുന്നില്ല. എന്നിട്ടും അവർ പൊതുജനാദരത്തെ ഏറെക്കുറെ പുലർത്തിപ്പോന്നു. ഭൗതികാധികാരം കൊണ്ടോ ധനസമ്പത്തു കൊണ്ടോ അല്ല; അവരിൽ നിന്നനുക്രമമായുണ്ടായി വന്ന ബുദ്ധിശാലികളുടെ പാരമ്പര്യം അസാമാന്യമായിരുന്നതുകൊണ്ടും, പൊതുനന്മയ്ക്കുവേണ്ടി അവർ ചെയ്തിട്ടുള്ള പൊതുസേവനത്തിന്റെയും പുരുഷപരമായ ത്യാഗത്തിന്റെയും തുകഗണ്യമായിരുന്നതുകൊണ്ടും, ആ കക്ഷ്യയിലെ മുഖ്യസ്ഥാനീയരായ വിശിഷ്ടവ്യക്തികളുടെ മാതൃക നിമിത്തം കക്ഷ്യക്കാകെത്തന്നെ നേട്ടമുണ്ടായി. എങ്കിലും വല്ല ഔദ്യോഗികപദവിയുടെയും നേരെയല്ല, ആശയവിശേഷങ്ങളുടെ നേരെയായിരുന്നു പൊതുജനാദരം. പാണ്ഡിത്യവും നന്മയുമുള്ള ഏതു വ്യക്തിയേയും ബഹുമാനിക്കുക എന്നതായിരുന്നു പാരമ്പര്യം. അബ്രാഹ്മണരെ എന്തിന്ന് അധ:കൃതവർഗങ്ങളിൽപ്പെട്ട ആളുകളെപ്പോലും, അങ്ങനെ ബഹുമാനിക്കുകയും ചിലപ്പോൾ സിദ്ധന്മാരായെണ്ണുകയും ചെയ്തതിന് അസംഖ്യം ഉദാഹരണങ്ങളുണ്ട്. ഔദ്യോഗികപദവിയേയും സൈനികാധികാരത്തേയും പേടിയുണ്ടായിരുന്നിരിക്കാമെങ്കിലും, അവ ഒരിക്കലും ഈ അളവിൽ ആദരം ആർജ്ജിച്ചില്ല.

പണത്തിന്റേതായ ഈ യുഗത്തിൽപ്പോലും, പ്രസ്തുത പാരമ്പര്യത്തിന്റെ സ്വാധീനത ഗണ്യമായിരിക്കുന്നു. അതു നിമി

# അയ്യാവൈകുണ്ഠരുടെ ജീവിതവും സന്ദേശവും പാഠഭാഗമാക്കണം

## നാടാർ സ്കോളർഷിപ്പ് വർദ്ധിപ്പിക്കാൻ നിവേദനം നൽകി

**നാ**ടാർ സമുദായത്തിലെ പെൺകുട്ടികൾക്ക് നൽകി വരുന്ന സ്കോളർഷിപ്പ് തുക തീരെ അപര്യാപ്തമാണെന്നും ആയത് ലോവർ പ്രൈമറി വിഭാഗത്തിന് ആയിരം രൂപയും യു.പി. വിഭാഗത്തിന് രണ്ടായിരം രൂപയും ഹൈസ്ക്കൂൾ വിഭാഗത്തിന് മൂവായിരം രൂപയും ഹയർ സെക്കന്ററി വിഭാഗത്തിന് നാലായിരം രൂപയും കോളേജ് തലത്തിൽ അയ്യായിരം രൂപയും ആയി വർദ്ധിപ്പിച്ചു നൽകണമെന്നാവശ്യപ്പെടുന്ന നിവേദനം നാടാർ കുടുംബക്ഷേമ സമിതി ചെയർമാൻ എ. എസ്. അഹിമോഹനൻ സംസ്ഥാന വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. സി. രവീന്ദ്രനാഥിന് സമർപ്പിച്ചു. അപേക്ഷിക്കുന്നതിനുള്ള വരുമാനപരിധി നാലു ലക്ഷമായി ഉയർത്തണമെന്നും ഈ സ്കോളർഷിപ്പ് നാടാർ ആൺകുട്ടികൾക്കു കൂടി ബാധകമാക്കണമെന്നും നിവേദനത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

ആത്മീയാചാര്യനും സാമൂഹ്യ പരിഷ്ക്കർത്താവുമായ അയ്യാ വൈകുണ്ഠനാഥരുടെ ജീവിതവും സന്ദേശവും ഹൈസ്ക്കൂൾ വിദ്യാർത്ഥികൾക്ക് പാഠഭാഗമാക്കണമെന്നാവശ്യപ്പെടുന്ന നിവേദനവും അഹിമോഹനൻ വിദ്യാഭ്യാസമന്ത്രിക്ക് സമർപ്പിക്കുകയുണ്ടായി. ●

## കെ.എൻ.എം.എസ് പ്രവർത്തനങ്ങൾ ശക്തിപ്പെടുന്നു

**മ**തത്തിന്റെ പേരിൽ നാടാർ സമുദായത്തെ ഭിന്നിപ്പിക്കാൻ ശ്രമിക്കുന്ന പ്രതിലോമ സംഘടനകളുടെ കടന്നുകയറ്റത്തെ ചെറുത്തുകൊണ്ട് തിരുവനന്തപുരം ജില്ലയുടെ വിവിധ പ്രദേശങ്ങളിൽ കേരള നാടാർ മഹാജനസംഘം സജീവമാകുന്നു.

ഒരു കാലത്ത് നാടാർ സമുദായത്തിന്റെ സംവരണത്തിനു വേണ്ടിയും രാഷ്ട്രീയാഭിവൃദ്ധിക്കുവേണ്ടിയും സുദീർഘമായി സമരം ചെയ്ത കെ.എൻ.എം.എസ് വീണ്ടും ശക്തി പ്രാപിക്കണമെന്ന് ഇപ്പോൾ ഏവരും ആഗ്രഹിക്കുന്നു. സമുദായത്തെ മതവ്യത്യാസങ്ങൾക്കപ്പുറം ഒറ്റ ബാനറിൽ അണി നിരത്താൻ ഈ സംഘടനയ്ക്കു മാത്രമേ കഴിഞ്ഞിരുന്നുള്ളൂ.

സംഘടനയുടെ സമ്പത്തു കൊള്ളയടിച്ചവരെയും അതിക്രമങ്ങൾ കാട്ടിയവരേയും ഒഴിവാക്കി സേവന മനോഭാവമുള്ള യുവാക്കൾക്ക് പ്രാധാന്യം നല്കികൊണ്ടാണ് ഇപ്പോൾ കെ.എൻ.എം.എസ് മുമ്പോട്ടുപോകുന്നത്.

അഡ്വ. റ്റി.കെ. പുരുഷോത്തമൻ കൺവീനറായി നെയ്യാറ്റിൻകര താലൂക്കിലും പൂവച്ചൽ സ്റ്റാൻലി കൺവീനറായി കാട്ടാക്കട താലൂക്കിലും പനയ്ക്കോട് കുഞ്ഞപ്പി കൺവീനറായി നെടുമങ്ങാട് താലൂക്കിലും കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ ആരംഭിച്ചു.

---

ത്തമാണ് (ഒരു ബ്രാഹ്മണനല്ലാത്ത) ഗാന്ധിക്ക്, ബലമോ ഔദ്യോഗികപദവിയുടെ നിർബന്ധമോ വിത്താധിപത്യമോ ഇല്ലാതെ തന്നെ ഇന്ത്യയുടെ സർവോന്നത നേതാവായിരിക്കുവാനും കോടിക്കണക്കിനാളുകളുടെ ഹൃദയങ്ങളെ ഇളക്കുവാനും കഴിയുന്നതും. ഒരു രാഷ്ട്രത്തിന്റെ സാംസ്കാരിക പശ്ചാത്തലത്തെയും അതിന്റെ സുബോധമോ ഉപബോധസ്ഥിതമോ ആയ ലക്ഷ്യത്തെയും സംബന്ധിച്ചിടത്തോളം, ഒരു പക്ഷേ, മറ്റേതിനെയും പോലെ നല്ലൊരു പരീക്ഷണമാവും ഇത്: ഏതു തരത്തിലുള്ള ഒരു നേതാവിനോടാണ് അതിന്റെ കൂറ്?

പുരാതനേന്ത്യൻ പരിഷ്കാരത്തിന്റെ അഥവാ ഇന്ത്യോ - ആര്യൻ സംസ്കാരത്തിന്റെ കാതലായ ആശയം 'ധർമ്മ'മെന്നതായിരുന്നു. അത് മതത്തിലും സിദ്ധാന്തത്തിലുമൊക്കെ ഉപരിയായ ഒന്നാണ്. ബാധ്യതകളെ - ഒരാൾക്കു തന്നോടുതന്നെയും മറ്റുള്ളവരോടുമുള്ള കടമകളെ-നിറവേറ്റുന്നതിനെ സംബന്ധിച്ച ഒരു സങ്കല്പമാണത്. ഈ ധർമ്മമാകട്ടെ ഋതത്തിന്റെ, പ്രപഞ്ചത്തെയും അതിലുൾക്കൊണ്ട എല്ലാറ്റിനെയും ഭരിക്കുന്ന മൗലികനീതിയുടെ, അംശം മാത്രമാണ്, അങ്ങനെയൊരു വ്യവസ്ഥയുണ്ടെങ്കിൽ, മനുഷ്യനതിൽ പൊരുത്തപ്പെട്ടു നിൽക്കണമെന്നാണ് വെപ്പ്. അതുമായി താളത്തിൽ വർത്തിക്കത്തക്കവണ്ണം വേണം മനുഷ്യൻ പ്രവർത്തിക്കുക. മനുഷ്യൻ തന്റെ കർത്തവ്യം നിറവേറ്റുകയും സ്വകർമ്മത്തിൽ നൈതികദൃഷ്ട്യാ ശരിയായിരിക്കുകയും ചെയ്യുന്നപക്ഷം ശരിയായ ഫലങ്ങൾ തന്നെ അനിവാര്യമായി വന്നെത്തിക്കൊള്ളും. അവകാശങ്ങളെ ആ നിലയ്ക്ക് ഊന്നിപ്പറയുന്നില്ല. ഏറെക്കുറെ അതു തന്നെയായിരുന്നു പണ്ട് എല്ലായിടത്തെയും വീക്ഷാഗതി. അവകാശങ്ങളെ വ്യക്തികളുടെയും സംഘങ്ങളുടെയും രാഷ്ട്രങ്ങളുടെയും അവകാശങ്ങളെക്കുറിച്ച് ഇന്നുള്ള നിഷ്കർഷയെ അപേക്ഷിച്ച് ഇത് അത്യന്താഭിന്നമായി പൊന്തിനില്ക്കുന്നു. ● *(തുടരും...)*

### മാസിക ലഭിക്കാത്തവർ

സുഷുപ്തി മാസിക എല്ലാ മാസവും അഞ്ചാം തീയതി മുടങ്ങാതെ പ്രസിദ്ധീകരിക്കുന്നു. തമ്പാനൂരിലെ ആർ.എം.എസ്സിൽ എല്ലാ 8-ാം തീയതിയും പോസ്റ്റ് ചെയ്യപ്പെടുന്നു. പരമാവധി 15-ാം തീയതിയ്ക്കകം എല്ലാ വരിക്കാർക്കും ലഭിക്കുന്നതാണ്.

മാസിക ലഭിക്കാത്തവർ അക്കാര്യം കാണിച്ചു കൊണ്ടുള്ള പരാതി വെള്ളപേപ്പറിൽ എഴുതി, സീനിയർ സൂപ്രണ്ട് ഓഫ് പോസ്റ്റാഫീസ്, നോർത്ത് ഡിവിഷൻ, ജി.പി.ഒ., തിരുവനന്തപുരം - 695 001 എന്ന വിലാസത്തിലും പബ്ലിഷർ, സുഷുപ്തി മാസിക, ദിനകൈരളി ഭവൻ, ചിന്മയലെയിൻ, കുന്നുംപുറം, തിരുവനന്തപുരം-695 001 എന്ന വിലാസത്തിലും അയയ്ക്കേണ്ടതാണ്. *-മാനേജിംഗ് എഡിറ്റർ*

### വരിസംഖ്യ അയച്ചുതരണം

സുഷുപ്തിമാസിക മുടങ്ങാതെ പ്രസിദ്ധീകരിക്കുന്നതിന് വമ്പിച്ച സാമ്പത്തിക ബാധ്യതയുണ്ടെന്നറിയാമല്ലോ. മാന്യവായനക്കാർ വരിസംഖ്യ അയച്ചുതന്ന് സഹകരിക്കണമെന്നഭ്യർത്ഥിക്കുന്നു. നിങ്ങളുടെ പോസ്റ്റാഫീസിൽ നിന്നും മണിയോർഡറായി അയക്കാവുന്നതാണ്. അല്ലാത്ത പക്ഷം സുഷുപ്തിയുടെ ബാങ്ക് അക്കൗണ്ടിലേക്കു അയക്കാം.

അക്കൗണ്ട് നമ്പർ : 62269144219
ബാങ്ക് : സ്റ്റേറ്റ് ബാങ്ക് ഓഫ് ഹൈദരാബാദ്.
ബ്രാഞ്ച് : തിരുവനന്തപുരം.
IFSC - SBHY0020731

*- എഡിറ്റർ*

# അരുൾനൂൽ; അറിവിന്റെ പുതിയ പാഠങ്ങൾ

37

## ശിവകാണ്ഡ അധികാരപത്രം

എൻ. വേലായുധൻ നാടാർ



*(തുടർച്ച...)*

20\. ആവെന്റു അഴുതാലും
അരുന്തവപ്പട്ടാലും
കുവെന്റു അഴുതാലും
കൊത്തിവിടും അപ്പാമ്പു
ആണും പെണ്ണും കൂട്ടിയാട്ടി
ആക്കിവൈക്ക നാൻ വരുവേൻ

മകനേ! അയ്യോ എന്നു പറഞ്ഞു കരഞ്ഞാലും, ദയ തോന്നിയാലും എല്ലാം അറിയാതെ സംഭവിച്ചുപോയി എന്നു പറഞ്ഞു വിലിച്ചാലോ ആശാപാശങ്ങൾ നശിക്കുകയില്ല. ആശ യാകുന്ന സർപ്പം സമയമാകുമ്പോൾ ഫണം വിടർത്തി കൊത്തുക തന്നെ ചെയ്യും. സ്ത്രീ പുരുഷന്മാർ തമ്മിലുള്ള പ്രശ്നങ്ങൾക്ക് പരിഹാരം എങ്ങുംനിറഞ്ഞ സർവ്വസാക്ഷിയായ പരംപൊരുൾ നൽകിക്കൊണ്ടിരിക്കുന്നു. മനസ്സ്, ബുദ്ധി, ചിത്തം, അഹങ്കാരം എന്നീ അന്തകരണ ഘടകങ്ങളാൽ ഉണ്ടാക്കുന്ന പ്രശ്നങ്ങളെ അവയുടെ നിലവാരമനുസരിച്ച് സർവ്വസാക്ഷിയായ ആ പരംപൊരുൾ പരിഹരിച്ചുകൊണ്ടിരിക്കുന്നു.

21\. ചെമ്പവളത്തേരേറി നാൻ തേചമെല്ലാം പാർക്ക വാറേൻ
വമ്പുവചൈ അതികമപ്പാ വകൈയറിയാമൽ മയങ്കുകിറാർ
ആങ്കാരം അടിപിടികൾ അതികമപ്പാ തേചമെങ്കും
കൊലൈ കളവു അതികമപ്പാ കുടികേടു ആച്ചുതപ്പാ.

മകനേ! ശരീരമാകുന്ന ചെമ്പവിഴ രഥത്തിൽ ചുറ്റി സഞ്ചരിച്ച് നാമരൂപാദിപ്രപഞ്ചത്തിൽ കാണപ്പെടുന്നു. എല്ലാ കാലുകളോടും, എല്ലാ കണ്ണുകളോടും എല്ലാ ചെവികളോടും എല്ലാ കൈകളോടും കൂടിയ പരംപൊരുൾ എല്ലാം കണ്ടുകൊണ്ടിരിക്കുന്നു. രാജ്യത്ത് അനീതി, അക്രമം, അധർമ്മം, അടിപിടി എന്നിവകളെല്ലാം വളരെ വർദ്ധിച്ചിരിക്കുന്നു. ധർമ്മം എന്തെന്നറിയാതെ മനുഷ്യൻ മദ്യം, മയക്കുമരുന്ന് തുടങ്ങിയ ലഹരിപദാർത്ഥങ്ങൾക്ക് അടിമയായിക്കൊണ്ടിരിക്കുന്നു. രാജ്യത്തുടനീളം അടിപിടി, മോഷണം, ചൂഷണം, കള്ളം, ചതി, കൊലപാതകങ്ങൾ എന്നിവ കൂടിക്കൂടി വരുന്നു. സത്വഗുണസമ്പന്നരായ ഉത്തമർ ദുരിതങ്ങളനുഭവിക്കുന്നു.

22\. പെണ്ണാലേ ആൺ അഴിവു പെരുകുമടാ പൂമിയെങ്കും
ആണും പെണ്ണും അഴിവാകും അമ്പലത്തരചർ മുടിവാകുതടാ
വറുമൈയതു താൻ പെരുത്തു നീങ്കൾവഴിത്തപ്പി പോവീർകളോ
പൊയ് പുരട്ടു അതികമപ്പാ പൊരുത്തമില്ലൈ കലി നമക്കു.

മകനേ! ലോകമെങ്ങും സ്ത്രീജനങ്ങളുടെ പ്രവർത്തനങ്ങളാൽ പുരുഷന്മാർക്കും പുരുഷന്മാരുടെ പ്രവർത്തനങ്ങളാൽ സ്ത്രീജനങ്ങൾക്കും ദുരിതങ്ങളും നാശനഷ്ടങ്ങളും കൂടിക്കൂടി വരുന്നു. ഇവയ്ക്കെല്ലാം പരിഹാരം കാണേണ്ടത് സർവവ്യാപിയായ പരംപൊരുളാണ്. കാലാവസ്ഥ അനുകൂലമല്ലാതെ ക്ഷാമം വന്നുചേർന്നാൽ സാധാരണ ജനങ്ങൾ എന്തുചെയ്യും. ഈ കലിയുഗത്തിൽ ലോകമെങ്ങും കള്ളം, കാപട്യം, അന്ധവിശ്വാസം, ചൂഷണങ്ങൾ എന്നിവ കൂടിക്കൂടി വരുന്നു. ശാന്തിയും സമാധാനവും ആഗ്രഹിക്കുന്നവർക്ക് യോജിച്ചതല്ല ഈ കലിയുഗം.

23\. താനമാനമില്ലൈയപ്പാ ചാതി വരമ്പഴിയുതടാ
ചങ്കക്കൂട്ടം ഇല്ലൈയടാ ചരചക്കൂട്ടം ഇക്കലിയിൽ
കൊമ്പൻ പുഴുവെന്ററിയാമൽ
കുതിപോടുകിറാർ കലിയിൽ
മക്കളുക്കു ഉത്തരവു മാൽചൊല്ല
നീതി ഉണ്ടേ.

മക്കളേ! ഈ കലിയുഗത്തിൽ ലോകമെങ്ങും മാനവും മര്യാദയും ഇല്ലാതെ - അതിർവരമ്പുകളില്ലാതെ - സ്ഥാനമാനങ്ങളില്ലാതെ - തോന്നിയപോലെ സ്ത്രീകളും പുരുഷന്മാരും ജീവിക്കുന്നു. ഈശ്വരനെക്കുറിച്ച് നിത്യസത്യശുദ്ധജ്ഞാനം അരുൾ ചെയ്യുന്ന സത്ജനങ്ങളുടെ സംഘക്കൂട്ടം (സത്സംഗം) ഇപ്പോഴില്ല. സരസക്കൂട്ടം - ലക്ഷ്യബോധമില്ലാത്ത, വികാരങ്ങൾക്ക് അടിമപ്പെട്ടുള്ള ക്ലബ്ബുകളും നിശാക്ലബ്ബുകളുമാണ് ഈ കലിയുഗത്തിലുള്ളത്. അതിന്റെ ഫലമായി 'കൊമ്പൻപുഴു', എയ്ഡ്സ് പോലുള്ള മാരകരോഗങ്ങൾ കൂടിക്കൂടിവരുന്നു. ഇവകളെക്കുറിച്ച് അജ്ഞാനികളെ ബോധവാന്മാരാക്കാൻ എങ്ങുംനിറഞ്ഞ പരംപൊരുളിനു അവസരവും അർഹതയും ഇല്ലല്ലോ.

24\. അറിവു ചൊല്ലി തെളിവു തര
നാൻ അമ്പലത്തിൽ കണക്കർ വൈത്തേൻ
നാൻ വൈത്ത കണക്കരെല്ലാം നന്റു നടുക്കേട്ക്കവില്ലൈ
ആടി നന്റായ് പാടി നന്റായ് കൊടുക്കവില്ലൈ എൻ മകനേ
ആതി പരൻ ചോതി നാൻ അതികാരം ചെയ്യ വാറേൻ.

മകനേ! നിത്യസത്യശുദ്ധജ്ഞാനം പതികളിലും പതിതാങ്ങുകളിലും ഉപദേശിക്കുവാൻ അയ്യാവൈകുണ്ഠനാഥർ ധർമ്മകർത്താക്കളെയും പണിവിടക്കാരെയും ഏർപ്പെടുത്തിയിരുന്നു. എന്നാൽ പതികളിലും പതിതാങ്ങുകളിലും നിത്യസത്യശുദ്ധജ്ഞാനം പകർന്നു നൽകുന്നില്ല. നിത്യസത്യശുദ്ധജ്ഞാനത്തിന്റെ ലക്ഷ്യം എന്താണെന്നുപോലും ഗ്രഹിച്ചിട്ടില്ലാത്ത പണിവിടക്കാരും ധർമ്മകർത്താക്കളും ഭൗതീകതയിൽ ആടിപ്പാടി നടക്കുന്നു. മായയിൽ മുഴുകി - അജ്ഞാനത്തിൽ മുഴുകി - ലൗകീകസുഖങ്ങൾ പിന്നാലെ സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. ഈശ്വരന്റെ ജ്ഞാനപ്രകാശം - ശിവതത്ത്വം വെളിപ്പെടുത്താൻ അയ്യാവൈകുണ്ഠനാഥർ തന്നെ വീണ്ടും അവതരിക്കണമോ?

25\. പുത്തയിനാൽ കൊട്ടവരേ പിഴൈക്ക മതി തേടുങ്കപ്പാ
അതികാര ചട്ടമതു അവനിയെങ്കും ആകുതപ്പാ
പത്തിരത്തൈപ്പാടി വന്താലും പാതൈയിലേ പോകവിടാൻ
കൊടിയെന്റ നാകമതു കൊത്തും വേളൈ അറിവീർകളോ.

മകനേ! നല്ല ബുദ്ധി ഉണ്ടെങ്കിലും ആ ബുദ്ധിയെ ശരിയായി ഉപയോഗിക്കാതെ വക്രബുദ്ധികളായവർ ഭൗതീകതയിൽ അടിപ്പാടി ജീവിക്കുവാൻ - ധനസമ്പാദനത്തിനായി പലപല തന്ത്രങ്ങളും പ്രയോഗിക്കുന്നു. അപ്രകാരം വക്രബുദ്ധിയുള്ളവരാണ് ലോകമെങ്ങും ഭരണത്തിൽ - അധികാരത്തിൽ വരുന്നത്. സത്യമാർഗ്ഗം വളരെ ഭംഗിയായി ജനങ്ങളുടെ മുന്നിൽ അവതരിപ്പിക്കുകയും വക്രബുദ്ധികൊണ്ട് പ്രവർത്തിപ്പിക്കുകയും ചെയ്യുന്നു. ഒന്നും പറയുകയും മറ്റൊന്ന് പ്രവർത്തിക്കുകയും ചെയ്യുന്നു. അവർ ചെയ്യുന്ന പ്രവർത്തനങ്ങൾക്കുള്ള പ്രതിഫലമായി ഫണം വിടർത്തിനിൽക്കുന്ന സർപം കൊത്തുമ്പോൾ പോലും അവരറിഞ്ഞതായി ഭാവിക്കുന്നില്ല.

26. അടങ്കാത പാമ്പതുതാൻ അതൻ നബ്ബെ അറിവീർകളാ
എണ്ണടങ്കാ പാമ്പതർക്കു ഇരുക്കിറാർ ഇരൈയാക
ഇരുപത്തൈന്തു പാമ്പാക ഉങ്കളിടം പാർക്ക പരുകിറാരേ
ചാന്റോരിടമിരുന്തു പല ചാത്തിരങ്കൾ ചൊല്ലിത്താറേൻ.

മകനേ! ഫണം വിടർത്തി സർപം കൊത്തിയിട്ടുപോലും അറിയാത്തവർ വിഷാംശം ശരീരം മുഴുവൻ വ്യാപിക്കുമ്പോൾ ഉണ്ടാകുന്ന രോഗലക്ഷണങ്ങൾ കാരണമായെങ്കിലും അറിയുമോ? വളരെ അധികം ജനങ്ങൾ ആ സർപത്തിന്റെ വിഷാംശത്താൽ ദോഷങ്ങൾ അനുഭവിച്ചിട്ടും സർപദർശനം ഏറ്റയാൾ ഒന്നും അറിഞ്ഞതായി ഭാവിക്കുന്നില്ല. ഇരുപത്തഞ്ചു പാമ്പുകൾ - ധാരാളം അടവുകളും തന്ത്രങ്ങളും പ്രയോഗിച്ചിട്ടും വിഷാംശം മാറ്റുന്നില്ല. സത്യാന്വേഷികൾക്കായി ശാസ്ത്രങ്ങളിൽ രേഖപ്പെടുത്തീട്ടുള്ള സത്യങ്ങളെ അയ്യാവൈകുണ്ഠനാഥർ ഉദ്ധരിക്കുന്നു.

27. എന്നാലേ ആകുമട്ടുമിതു വരൈക്കും പുത്തിചൊന്നേൻ
നാനാണ്ടി ആണ്ടി നടുക്കാട്ടുക്കുരുവാണ്ടി
കേളാണ്ടി കുലത്താണ്ടി ഇന്ത കുവലയത്തൈ അളന്താണ്ടി
ചിത്താണ്ടി ചിവനാണ്ടി ഇന്ത തേചമെങ്കും നാനാണ്ടി.
മാലാണ്ടി മാറാണ്ടി നാൻ മാലും ചിറു ആണ്ടിയടാ
കന്തൈത്തുണി തോളിലിട്ടു കന്തപ്പനും നാൻ വരുവേൻ
ഇന്നും ചില കാണ്ടം എടുത്തെഴുതി ചൊല്ലുകിറേൻ.

മകനേ ! ജീവാത്മാപരമാത്മായോഗത്താൽ എങ്ങുംനിറഞ്ഞ പരംപൊരുളായ അയ്യാവൈകുണ്ഠനാഥർ നിത്യസത്യശുദ്ധജ്ഞാനം അരുൾ ചെയ്തുകൊണ്ടിരിക്കുന്നു. എന്ത് അറിഞ്ഞാലാണോ എല്ലാം അറിഞ്ഞതായിരിക്കുന്ന പൂർണ്ണനായ സന്യാസി ഈ നാട്ടിന് ഗുരുനാഥനാണ്. അയ്യാവൈകുണ്ഠനാഥരുടെ പ്രാരാബ്ധശരീരം പ്രാരാബ്ധകർമ്മങ്ങളിൽ മുഴുകുമ്പോഴും അദ്ദേഹത്തിന്റെ ജീവാത്മാവ് യാതൊരു കർമ്മത്തിലും ഏർപ്പെടാതെ സാക്ഷിയായി എല്ലാം കണ്ടുകൊണ്ടിരിക്കുന്നു. കണ്ടുകൊണ്ടിരിക്കുന്ന സാക്ഷി മൗനസന്ന്യാസിയാണ്. സാക്ഷിയായ മൗനസന്ന്യാസി മനുഷ്യകുലത്തിന്റെ ഗുരുനാഥനാണ്ന്ന സർവ്വവ്യാപിയായതിനാൽ ലോകം മുഴുവനും അളന്ന മഹാവിഷ്ണുവായി അവതരിച്ചതും ഈ സന്ന്യാസി തന്നെയാണ്. എല്ലാ കാലത്തും ഉള്ളതായിട്ടുള്ള സന്ന്യാസിയാണ്. ശിവനാണ്ടിയെയും, മഹാവിഷ്ണുവായും, വാമനനായും, കീറിയ തുണിയെ തോളിൽ ഇട്ടുകൊണ്ട് അവധൂദനായും ദർശിക്കുന്നതും ജീവാത്മാപരമാത്മായോഗത്താൽ ബ്രഹ്മവിത്തായ പരംപൊരുളിനെയാണ്. ഇന്നും ചില കാണ്ഡം കൂടി എടുത്തെഴുതി ചൊല്ലുകിറേൻ ഒരു അധ്യായംകൂടി അരുൾചെയ്യുന്നു.

28. ആയിരത്തെട്ടാം മാചിയിലേ കലിയുകത്തിൽ വന്തേനടാ
ചാതിയാന ലിങ്കമൊന്റു ചമുത്തിരത്തുള്ളിരുക്കുതടാ
ആതിയാന ലിങ്കമതൈ നീങ്കൾ തിനം പോറ്റിടുങ്കോ
അതിൽ മുത്തിയുണ്ടു ചക്തിയുണ്ടു മുനിപരനും പാടുകിറേൻ

മകനേ! കലിയുഗത്തിൽ ആയിരത്തി എട്ടാമാണ്ട് കുംഭമാസത്തിൽ (1833 ഫെബ്രുവരി / മാർച്ച്) ജീവാത്മാപരമാത്മായോഗത്താൽ അയ്യാവൈകുണ്ഠനാഥർ ബ്രഹ്മവിത്ത് വരിഷ്ഠനായി ശിവലയം പ്രാപിച്ചു. വളരെ യുക്തിയുള്ള ഒരു ലിംഗം - അടയാളം - തത്ത്വം മനസിനകത്തിരിക്കുന്നു. മനസിനകത്തിരിക്കുന്ന ലിംഗത്തെ - തത്ത്വത്തെ - പരംപൊരുളിനെ ആരാധിക്കുക. സ്മരിക്കുക. ആ തത്ത്വത്തെ സ്മരിച്ചുകൊണ്ടിരുന്നാൽ ജനനമരണ പ്രയാണത്തിൽ നിന്നും മുക്തി പ്രാപിക്കാം. ജീവാത്മാപരമാത്മായോഗത്താൽ അചഞ്ചലമായ ധൈര്യവും ശക്തിയും ലഭിക്കും എന്ന ശുദ്ധസത്യം മുനപരൻ അനുഭവിക്കുന്നു. ഉപദേശിക്കുന്നു. ● *(തുടരും...)*

# തുളസിയെ കുറിച്ച്



പ്രകൃതിയുടെ അതിവിശിഷ്ട വരദാനങ്ങളിൽ ഒന്നാണ് തുളസിച്ചെടി. വിശുദ്ധിയുടെ പര്യായമായ തുളസിയെ പണ്ട് 'തുളസിത്തറ' കെട്ടി പരിപാലിച്ചിരുന്നു. തുളസിത്തറയെ വലംവച്ച് കുറച്ചുനേരം പ്രാർത്ഥിച്ചശേഷം തുളസിക്കതിരിട്ട തീർത്ഥം കുടിക്കുന്നത് ആരോഗ്യദായകമായ ഒരു പ്രഭാതചര്യയായി കണക്കാക്കപ്പെട്ടിരുന്നു. ഈ ആചാരത്തിന് ശാസ്ത്രീയമായ ഒരു അടിത്തറയുണ്ടെന്നു പഠനങ്ങൾ തെളിയിക്കുന്നു.

സസ്യങ്ങൾ പകൽ ഇലകളിലൂടെ പ്രാണവായു (ഓക്സിജൻ) പുറത്തേക്കുവിടുന്നു. തുളസിച്ചെടി ഓക്സിജൻ മാത്രമല്ല, ഓക്സിജന്റെ സാന്ദ്രീകൃതരൂപമായ 'ഓസോൺ' വാതകവും പുറപ്പെടുവിക്കുന്നു. തുളസിച്ചെടിക്കു ചുറ്റുമുള്ള വായു കുറച്ചുനേരം ശ്വസിക്കുന്നവർക്ക് ക്ഷീണം മാറുകയും ഉന്മേഷം വർദ്ധിക്കുകയും ചെയ്യും. ഇപ്രകാരം അന്തരീക്ഷ മലിനീകരണം കുറയ്ക്കാനും തുളസി സഹായിക്കുന്നു.

പണ്ടൊക്കെ പനി വന്നാൽ കൊടുക്കുന്ന ഒരു വീട്ടുമരുന്നാണ് 'തുളസിക്കാപ്പി'. ഇന്നും ഈ മരുന്നിന്റെ ഖ്യാതി നഷ്ടപ്പെട്ടിട്ടില്ല. എത്ര കടുത്ത പനിയും തുളസിയും കുരുമുളകും ചേർത്ത തുളസിക്കാപ്പി കുടിച്ചാൽ കുറയും. തലവേദന, കഫക്കെട്ട്, ശ്വാസതടസ്സം ഇവയ്ക്കും തുളസി കൈകണ്ട ഔഷധമാണ്. രുചി വർദ്ധിപ്പിക്കാനും, വയറ്റിലെ വിരകളേയും, കൃമികളേയും നശിപ്പിക്കാനും തുളസി നല്ലതാണ്. വിഷചികിത്സയിലും തുളസിയെ ഉപയോഗപ്പെടുത്താറുണ്ട്.

തുളസി പലതരമുണ്ട്. സാധാരണ കണ്ടുവരുന്നത് കറുത്ത തണ്ടുള്ള 'കൃഷ്ണതുളസി'യും പച്ചതണ്ടുള്ള 'രാമതുളസി'യും രൂക്ഷഗന്ധമുള്ള 'കാട്ടുതുളസി'യുമാണ്. കൃഷ്ണതുളസിയുടെ ശാസ്ത്രനാമം 'ഒസിമം ടെന്യുഫോളിയം' എന്നാണ്. ഒസീമം ബേസിലിക്കം' എന്നാണ് രാമതുളസിയുടെ പേര്. കാട്ടുതുളസി 'ഒസിമം ഗ്രാറ്റിസ്സിമം' എന്നാണ് അറിയപ്പെടുന്നത്. ഇവയിൽ ഔഷധഗുണം ഏറെ ഉള്ളത് കൃഷ്ണതുളസിക്കാണ്. രാമതുളസിയിൽ നിന്നും കർപ്പൂരഗന്ധമുള്ള ഒരുതരം ബാഷ്പശീലതൈലം നിർമ്മിക്കുന്നു.

Vol. 11 No. 9, 2016 October
Date of Publication : 06-10-2016
Govt. Media List No. 178/08/I&PR

SUSHUPTHI MONTHLY
Price: Rs.5/-

KL/TV(N)/WPP/209/2016-18
Licensed to Post without Pre-payment
KL/TV(N)/574/2016-2018
Reg. No. 36072/81

# എനിക്ക് ജാതിയില്ല; ആദ്യപ്രഖ്യാപനം ആരുടേത്?

കേരള നവോത്ഥാന നായകരിൽ പ്രമുഖനായി അറിയപ്പെടുന്ന ശ്രീനാരായണ ഗുരു 'നമുക്ക് ജാതിയില്ല' എന്ന് പ്രഖ്യാപിച്ചതിന്റെ വാർഷികാഘോഷങ്ങൾ കേരളത്തിലെവിടെയും നടക്കുകയാണല്ലോ. ഒരുപക്ഷേ, പല സമുദായ, സാമൂഹ്യ, രാഷ്ട്രീയ സംഘടനകളും ഇക്കാര്യത്തിൽ പരസ്പരം മത്സരിക്കുകയാണെന്ന് പറഞ്ഞാൽ അതിശയോക്തിയാവില്ല.

ജാതീയമായ ഉച്ചനീചത്വങ്ങളും അതിന്റെ പേരിലുള്ള അയിത്താചാരണങ്ങളും വിവിധ സ്വഭാവങ്ങളിലും രീതികളിലും ഇന്ത്യയെമ്പാടും നിലനിന്നിരുന്ന കാലത്ത്, ഇതിനെതിരായ കാഹളം തിരുവിതാംകൂറിൽ നിന്നും ആദ്യമായുയർത്തിയതാരെന്ന് വ്യക്തമായി ബോധ്യപ്പെടേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. തെക്കേ ഇൻഡ്യയിൽ കമ്മ്യൂണിസ്റ്റായങ്ങൾക്ക് ഏറ്റവുമധികം സ്വീകാര്യത ലഭിച്ചത് കേരളത്തിലാണെന്നെല്ലാവർക്കുമറിയാം. ഇന്നും ജാതീയ ഉച്ചനീചത്വങ്ങൾ കേരളത്തിൽ നിലനിൽക്കുന്നു. ഏതു മുന്നണി ഭരണത്തിൽ വന്നാലും അധികാരം കൈയ്യാളുന്നത് സവർണ്ണമേധാവികൾ. ചരിത്രം വളച്ചൊടിക്കാൻ അവർ മതിയാവുമല്ലോ.




മൊഹൻജൊദാരോയും ഹരപ്പായും തുടങ്ങി സംഘകാലം കടന്നുവന്ന സംസ്കാരത്തെ തകിടം മറിച്ചവരാരാണെന്ന് ചരിത്രകാരൻമാർക്കറിയാം. ജവഹർലാൽ നെഹ്റു മുതൽ ശ്രീധര മേനോൻ വരെയുള്ള ചരിത്രകാരൻമാരുടെ വരികൾ സശ്രദ്ധം വായിക്കുന്നവർക്ക് മറ്റു വിശദീകരണങ്ങൾ വേണ്ടിവരില്ല.

കേരളചരിത്രസംബന്ധിയായ കാര്യത്തിൽ എന്തെങ്കിലും പുനർ വായന ആവശ്യമെങ്കിൽ ചരിത്രപണ്ഡിതനായ ഇളംകുളം കുഞ്ഞൻപിള്ളയുടെ കണ്ടെത്തലുകൾ കൂടി പഠനവിധേയമാക്കാവുന്നതാണ്.

1839 നവംബറിൽ അയ്യാവൈകുണ്ഠരെ സ്വാതിതിരുനാൾ മഹാരാജാവ് അറസ്റ്റ് ചെയ്ത് തിരുവനന്തപുരത്ത് കൊണ്ടുവരുന്നു. ദീർഘമായി ചോദ്യം ചെയ്യുന്നു. ഈ വിസ്താരത്തിനിടയിൽ ഒരു ഘട്ടത്തിൽ രാജാവ് ഒരു ഒത്തുതീർപ്പുവ്യവസ്ഥ മുമ്പോട്ടുവയ്ക്കുന്നു. 'ഇനിമേൽ നിന്റെ ജാതി (നാടാർ)യ്ക്കു വേണ്ടി മാത്രമേ ശബ്ദിക്കുകയുള്ളൂ എന്ന് എഴുതിയ നീട്ടിൽ ഒപ്പിട്ടാൽ വൈകുണ്ഠരെ വിട്ടയയ്ക്കാം എന്നതായിരുന്നു വ്യവസ്ഥ.

അതിന് വൈകുണ്ഠർ രാജാവിനു നൽകിയ മറുപടിയുടെ മലയാള പരിഭാഷ ഇതാണ്. 'എനിക്ക് ജാതിയില്ല, ജാതി ഉണ്ടാക്കിയിരിക്കുന്നത് നീയാണ്, ജാതി പിശാചാണ്'. തുടർന്ന് നീട്ട് ചുരുട്ടി ഒടിച്ച് കളയുകയാണുണ്ടായത്.

അരുൾനൂൽ എന്ന വിശുദ്ധഗ്രന്ഥത്തിൽ അയ്യാവൈകുണ്ഠർ ഇപ്രകാരം ആവർത്തിക്കുന്നു.

ചാതിയാന കൊടിപാമ്പ്
ചതി ചെയ്യും പാമ്പതുതാൻ

സത്യമിപ്രകാരം വ്യക്തമാണെങ്കിലും കേരളത്തിൽ അധികാരവർഗ്ഗവും സാമൂഹ്യനേതൃത്വങ്ങളും ഇതൊന്നും അറിഞ്ഞ ഭാവമില്ല. ●

Edited, Printed, Published & Owned by A.S.Ahimohanan; Printed at Devi Offset for Aradhika Printers, Gandhari Amman Kovil Road, Thiruvananthapuram, Published from Dinakairali Bhavan, (Ph:0471-3272199) Kunnumpuram, Thiruvananthapuram - 1, Kerala.